# സഹനം സമ്മാനം

പി.കെ. സ്റ്റീഫൻ.

ദൈവം വെളിപ്പെടുത്തുന്നു. **"നിങ്ങളുടെ തലയിലെ ഓരോ മുടിയിഴയും എണ്ണപ്പെട്ടിരിക്കുന്നു." (മത്താ 10:30).** എങ്കിൽ എന്റെ ജീവിതത്തിൽ ഉണ്ടാകുന്ന രോഗങ്ങളും ദുരിതങ്ങളും ദൈവം അറിയാതെ വരുമോ? അപ്പോൾ ഞാൻ ആകുലനാകേണ്ട കാര്യമുണ്ടോ? **'നിങ്ങളുടെ ഉത്ക്കണ്ഠകളെല്ലാം എന്നെ ഏല്പിക്കുവിൻ. ഞാൻ നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്" (1 പത്രോ. 5:7).** ദൈവം അരുളിചെയ്തു, **"എനിക്ക് നിന്നെക്കുറിച്ചൊരു പദ്ധതിയുണ്ട്. അത് നിന്റെ നാശത്തിനല്ല, ക്ഷേമത്തിനുള്ളതാണ്. നിനക്കു ശുഭകരമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജറ. 29:11).** എന്നിട്ടും ദൈവത്തിന്റെ പദ്ധതി വെളിപ്പെട്ടുകിട്ടുവാൻ കാത്തിരിക്കാതെ നാം ദൈവത്തെ അവിശ്വസിക്കുകയും ആകുലപ്പെടുകയും ചെയ്യുന്നുവോ?

ശിഷ്യന്മാരുടെ വള്ളം കൊടുങ്കാറ്റിൽ പെട്ടപ്പോൾ അവർ യേശുവിനെ വിളിക്കാതെ സ്വന്തം ശക്തിയിലാശ്രയിച്ചു തുഴഞ്ഞുകൊണ്ടിരുന്നു. യേശു കൂടെയുണ്ടെന്ന കാര്യം മറന്ന് മരണഭയത്താൽ നിലവിളിച്ചു കരഞ്ഞു. അപ്പോൾ യേശു എഴുന്നേറ്റ് കാറ്റിനേയും കടലിനേയും ശാസിച്ചു. അവ ശാന്തമായി. യേശു അരുളിചെയ്യുന്നു, **"യുഗാന്ത്യം വരെ ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരിക്കും. (മത്താ. 28:20)** യേശു കൂടെയുള്ളപ്പോൾ അവൻ അറിയാതെ എനിക്ക് എന്തെങ്കിലും സംഭവിക്കുമോ? അവനോടു കൂടെ സഹിക്കേണ്ടി വന്നാൽ നാം സന്തോഷിക്കണം. കാരണം, "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലതും നന്മയ്ക്കായ് പരിണമിപ്പിക്കും. (റോമാ 8:28). ഒരു ചിത്രകാരൻ ക്യാൻവാസിൽ അവിടെയും ഇവിടെയും അടയാളമിടുകയും വരയ്ക്കുവാൻ ആരംഭിക്കുകയും ചെയ്യുമ്പോൾ നമുക്കൊന്നും മനസ്സിലാകുകയില്ല. എന്നാൽ അവയെല്ലാം യോജിപ്പിച്ച് ചിത്രം പൂർത്തിയാകുമ്പോൾ മനോഹരമായിരിക്കും. അതുപോലെ ഇന്ന് എന്റെ ജീവിതത്തിലുണ്ടാകുന്ന കാര്യങ്ങൾ എനിക്കു മനസ്സിലാക്കുവാനോ ഉൾക്കൊള്ളുവാനോ കഴിയില്ലായിരിക്കാം. എന്നാൽ ദൈവത്തിന്റെ പദ്ധതി പൂർത്തിയാകുമ്പോൾ ഒന്നും വെറുതെ അല്ലായിരുന്നു. എന്നു നാം മനസ്സിലാക്കും.

## വിളിയുടെ മാഹാത്മ്യമനുസരിച്ച് കുരിശുകളുടെ വലുപ്പം കൂടും.

വിശ്വാസികളുടെ പിതാവ് എന്ന മഹത്തായ സ്ഥാനത്തേക്കു വിളിക്കപ്പെട്ട അബ്രഹാമിന്റെ പരീക്ഷകളും കുരിശുകളും അതിനനുസൃതമാം വിധം വലുതായിരുന്നു. ദൈവമാതാവാകാൻ വിളിക്കപ്പെട്ട മറിയത്തിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകും എന്നു ശിമയോൻ പ്രവചിച്ചു. "ഇതാ, കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ" എന്ന പറഞ്ഞുകൊണ്ടായിരുന്നു മറിയം ആ കുരിശ് ഏറ്റെടുത്തത്. **അവനിൽ വിശ്വസിക്കുന്നവരും അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു. (1 യോഹ. 2:6).** ശിമയോൻ മനസ്സില്ലാമനസ്സോടെയാണ് യേശുവിനെ കുരിശു താങ്ങി സഹായിക്കുവാൻ ഇടയായത്. എന്നിട്ടും അത് അവനും കുടുംബത്തിനും വലിയ അനുഗ്രഹകാരണമായി. അവന്റെ മക്കളായ അലക്സാണ്ടറും റോപ്പസും അറിയപ്പെടുന്ന പ്രേഷിതരും വിശുദ്ധരുമായി. ഇന്നു ശിമ

യോനെപ്പോലെ കുരിശൊന്നു താങ്ങുവാനുള്ള വിളി എനിക്കു ലഭിക്കുമ്പോൾ ഞാൻ അസ്വസ്ഥനാകുന്നുവോ?

പത്രോസിന്റെ ആഗ്രഹപ്രകാരം ഈശോ സ്വർഗ്ഗത്തിൽ നിന്നും ഭൂമി കാണുവാൻ വന്ന ഒരു കഥയുണ്ട്. ഒരു ദേവാലയത്തിന്റെ മുറ്റത്താണ് അവർ വന്നിറങ്ങിയത്. ശൂന്യമായ പള്ളിയിൽ കയറിയപ്പോൾ സ്തുതിക്കുന്ന ശബ്ദം കേട്ടു. ഒരു യുവതി ഒറ്റയ്ക്കിരുന്നു പ്രാർത്ഥിക്കുന്നു. പുറത്തേക്കിറങ്ങിയപ്പോൾ ആദ്യം കത്തത് മൂക്കറ്റം മദ്യപിച്ച ഒരു യുവാവിനെയാണ്. ഈശോ പത്രോസിനോടു ചോദിച്ചു, "ഈ യുവാവിനെ എങ്ങിനെ നേരെയാക്കാം? ഒറ്റ വഴിയേയുള്ളൂ. അവിടുന്നു പറഞ്ഞു: ദേവാലയത്തിൽ കണ്ട ആ യുവതിയെകൊണ്ട് വിവാഹം കഴിപ്പിക്കുക." ഈ ദൈവവിളി ആ യുവതിക്ക് എന്നെങ്കിലും ഉൾക്കൊള്ളുവാൻ സാധിക്കുമോ? ആകാശം ഭൂമിയിൽ നിന്ന് എപ്രകാരം ഉയർന്നിരിക്കുന്നുവോ അതുപോലെ ദൈവത്തിന്റെ ചിന്തകളും മനുഷ്യരുടേതിനേക്കാൾ ഉയർന്നിരിക്കുന്നു."

യേശു പറഞ്ഞു: "പിതാവേ എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം (കുരിശ്) നിറവേറട്ടെ." യേശുവിനെ സംബന്ധിച്ചിടത്തോളം കുരിശ് യൂദാസും പീലാത്തോസും തന്നതല്ല. അവർ പോസ്റ്റുമാൻ മാത്രം. എന്റെ പിതാവാണ് എനിക്കു കുരിശു തന്നത്. എന്റെ പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കും. എന്ന മനോഭാവം നാം സ്വീകരിക്കണം. എന്റെ സഹനത്തിനു കാരണം ജീവിത പങ്കാളിയാണ്, അപ്പനാണ്, അയൽക്കാരനാണ് എന്ന ചിന്ത ഉപേക്ഷിച്ച് പിതാവിന്റെ കൈകളിൽ നിന്ന് എന്റെ കുരിശ് സ്വീകരിക്കണം.

### യേശു കൂടെയുണ്ട്

**ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്ന സാവൂളിന് പ്രത്യക്ഷപ്പെട്ട് യേശു ചോദിച്ചു: "സാവൂൾ നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? (അപ്പ. 9-4).** എന്തിനു ക്രിസ്ത്യാനികളെ പീ ഡിപ്പിക്കുന്നു എന്നല്ല, എന്തിന് എന്നെ പീഡിപ്പിക്കുന്നു എന്നാണ് ചോദിച്ചത്. ക്രിസ്ത്യാനി പീഡിപ്പിക്കപ്പെടുമ്പോൾ യേശു പീഡിപ്പിക്കപ്പെടുന്നു. ഞാൻ ഒറ്റയ്ക്കല്ല സഹിക്കുന്നത് യേശുവും എന്നോടുകൂടെ സഹിക്കുന്നു. **അവനോടുകൂടെ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ നാം അവനോടുകൂടെ പീഡയനുഭവിക്കുന്നു. (റോമ 8:17)** എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി യേശു സഹിച്ചു. മരിച്ചു, ഉയിർത്തെഴുന്നേറ്റു. സുവിശേഷത്തിന്റെ വളർച്ചയ്ക്കുവേണ്ടി ശ്ളീഹന്മാരും സഹിച്ചു. മരിച്ചു, ഉയിർപ്പിക്കപ്പെട്ടു. ഇന്ന് അനേകരുടെ ,സഭയുടെ വിശുദ്ധീകരണത്തിനുവേണ്ടി ഞാനും അവനോടൊപ്പം സഹിക്കുന്നു. യേശുവിനെപ്പോലെ കുരിശിൽ മരിക്കുവാൻ ഞാൻ യോഗ്യനല്ല. അതുകൊണ്ട് എന്നെ തലകീഴായി കുരിശിൽ തറയ്ക്കണമെന്ന് ആവശ്യപ്പെട്ട വി. പത്രോസ് പറയുന്നു: **"ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നു എന്നതിൽ ആഹ്ളാദിക്കുവിൻ." (1 പത്രോ. 4:13)**

നാം ഒറ്റയ്ക്കല്ല യേശുവിനോടു കൂടെയാണ് സഹിക്കുന്നത്. **"മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ സഹനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. സഹനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാനാവശ്യമായ ശക്തി കൂടി അവിടുന്നു നിങ്ങൾക്കു നൽകും. (1 കോറി. 10:13)"**. അവിടുന്ന് അരുളിചെയ്തു, "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും

എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും." (മത്താ. 11. 28-29).

## ഞാനും ഉയർപ്പിക്കപ്പെടും

യേശു ദുഃഖവെള്ളിയിലൂടെ കടന്നു ചെന്നത് ഉയിർപ്പു ഞായറിലേക്കാണ്. ഇന്ന് ഞാനും ദുഃഖവെള്ളിയിലൂടെ കടന്നുപോകുന്നുവെങ്കിൽ എനിക്കും നിശ്ചയമായും ഒരു ഉയിർപ്പു ഞായർ ഉണ്ട്. വി. പൗലോസ് പറഞ്ഞു. **"ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്വവും." (2 കോറി. 4:17).** വി. പത്രോസ് പറയുന്നു: **"തന്റെ നിത്യമഹത്വത്തിലേയ്ക്ക് ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിയ്ക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അല്പകാലത്തെ സഹനത്തിനുശേഷം പൂർണ്ണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും." (1 പത്രോ. 5: 10).**

**"യേശുക്രിസ്തുവിനെ മരിച്ചവരിൽ നിന്നുയർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, യേശുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ പുതുജീവൻ പ്രദാനം ചെയ്യും." (റോമ 8: 11).** ഈ വാഗ്ദാനം സ്ഥിരീകരിച്ചുകൊണ്ട് നമ്മുടെ ഇടയിൽ നിന്നും പരി. കന്യാമറിയത്തെ ദൈവം ഉയിർപ്പിക്കുകയും സ്വർല്ലോകരാജ്ഞിയാക്കുകയും ചെയ്തിരിക്കുന്നു. ഈശോ പറഞ്ഞു: **"അവസാനം വരെ സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും." (മത്താ. 24: 13).** ഈശോയോടു കൂടെ സഹിക്കുന്നവനുവേണ്ടി വി. ഗ്രന്ഥത്തിൽ ആയിരക്കണക്കിനു വാഗ്ദാനങ്ങൾ കാത്തിരിക്കുന്നു.

വി. പൗലോസ് ശ്ളീഹായോടൊപ്പം പറയാം, **"ഞാൻ നന്നായി സഹിച്ചു, എന്റെ ഓട്ടം പൂർത്തിയാക്കി, വിശ്വാസം കാത്തു, എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ്, ആ ദിവസം അത് എനിക്കു സമ്മാനിക്കും; എനിക്കു മാത്രമല്ല ഓട്ടം പൂർത്തിയാക്കുന്ന എല്ലാവർക്കും." (2 തിമോ. 4: 7-8).** കൊച്ചു കുഞ്ഞ് ഉപദേശിയുടെ മകൻ അകാലത്തിൽ പൊലിഞ്ഞുപോയി. വിവരമറിഞ്ഞു വരുന്ന ഉപദേശിയെ എന്തു പറഞ്ഞാണ് ആശ്വസിപ്പിക്കുക എന്നറിയാതെ ബന്ധുക്കൾ ഉഴറി. ഉപദേശിയാകട്ടെ വന്നപാടെ മകന്റെ മൃതദേഹം മടിയിൽ കിടത്തിക്കൊണ്ട് പാടി, ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ സന്തോഷത്തോടതു വാങ്ങി, ഹല്ലേലൂയ്യ പാടീടും ഞാൻ.

## നമുക്കു പ്രാർത്ഥിക്കാം:-

കർത്താവായ ദൈവമേ, എന്റെ ജീവിതത്തിൽ സമ്മാനമായി സഹനങ്ങൾ നല്കിയപ്പോൾ അതു സ്വീകരിക്കാതെയും അങ്ങയെ തള്ളിപ്പറഞ്ഞും തെറ്റുചെയ്തതിനെ പ്രതി ഞാൻ അനുതപിക്കുന്നു. സഹനങ്ങളുടെ പിറകിലുള്ള ദൈവിക പദ്ധതി അന്വേഷിക്കാനും ആത്മാക്കളുടെ വിശുദ്ധീകരണത്തിനായി സമർപ്പിക്കുവാനും എനിക്കു കൃപ തരണമേ. ആമ്മേൻ.

കടപ്പാട് . ഡിവൈൻ വോയ്സ്